കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2014-15, 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
**dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബിപി1)644/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
പിൻ 680 020 ഫോൺ- 0487 2331249

dotsr.ksad@kerala.gov.in

തീയതി 30-5-2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-6, 3-9 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(ബിപി1)644/17

തിയ്യതി: 30-5-2017

# തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.7.15 മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2014-15, 2015-16 വർഷങ്ങളിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ്

പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ്ബാബു<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.4.17മുതൽ 3.5. 17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.തുളസീദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു. സി.വി. | ഓഡിറ്റർ. |

ബി) നിർവ്വഹണാധികാരികൾ
2014-15

| | | |
|---|---|---|
| പ്രസിഡന്റ് | ലീല കുഞ്ഞാപ്പു | 1.4.14 മുതൽ 31.3.15 വരെ |
| സെക്രട്ടറി | കെ.ജി.സലിംകുമാർ | 1.4.14 മുതൽ 12.2.15 വരെ |
| | അഭിജിത്ത്.ടി.ജി | 13.2.15 മുതൽ 6.3.15 FNവരെ |
| | ആൻഡ്രൂസ്. ടി | 6.3.15 മുതൽ 8.3.15 വരെ |
| | ഏണസ്റ്റ്.സി.തോമസ്സ് | 8.3.15 മുതൽ 31.3.15 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പുഴയ്ക്കൽ | ശ്രീമതി.എമിലി | 1.4.14 മുതൽ 16.11.14 വരെ |
| | ശ്രീമതി.സന്ധ്യ.വി | 17.11.14 മുതൽ 31.3.15വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുല്ലശ്ശേരി | ഡോ.ബീനമൊയ്തീൻ | 1.4.14 മുതൽ 31.3.15 വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശ്രീമതി. ലൈല ജേക്കബ് | 1.4.14 മുതൽ 31.3.15 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ബിത.സി.വി | 1.4.14 മുതൽ 31.3.15 വരെ |

| | | |
|---|---|---|
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ശോഭന.കെ.ഡി | 1.4.14 മുതൽ 31.3.15 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി. അജിത.പി.എം | 1.4.14 മുതൽ 31.3.15 വര |

2015-16

| | | |
|---|---|---|
| പ്രസിഡന്റ് | ലീല കുഞ്ഞാപ്പു | 1.4.15 മുതൽ 6.10.15 വരെ |
| | അഡ്ഹോക്ക് കമ്മിറ്റി | 7.10.15 മുതൽ 11.11.15 വരെ |
| | ശ്രീമതി. ലതി വേണഗോപാൽ | 12.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ഏണസ്റ്റ് സി തോമസ്സ് | 1.4.15 മുതൽ 17.8.15 വരെ |
| | വി. ശാന്താറാം | 18.8.15 മുതൽ 8.2.16 FNവരെ |
| | അനീഷ്.ജെ | 8.2.16 A.N. മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ്ഡയറക്ടർ, പുഴയ്ക്കൽ | ശ്രീമതി.സന്ധ്യ.വി | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുല്ലശ്ശേരി | ഡോ.ബീന മൊയ്തീൻ | 1.4.15 മുതൽ 31.8.15 വരെ |
| | ഡോ. കെ.ടി.സുജ | 1.9.15 മുതൽ 31.3.16 വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശ്രീമതി. ലൈല ജേക്കബ് | 1.4.15 മുതൽ 31.3.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ബിത.സി.വി | 1.4.15 മുതൽ 24.8.15 വരെ |
| | എൻ. വീണ | 25.8.15 മുതൽ 31.3.16 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ശോഭന.കെ.ഡി | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി. അജിത.പി.എം | 1.4.15 മുതൽ 31.3.16 വര |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | ബജറ്റ് | 1.1 |
| | വാർഷിക ധനകാര്യപത്രിക. | 1.2 |
| | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| | സാമ്പത്തിക വിശകലനം | 1.4 |
| | ഫണ്ട് വിനിയോഗം | 1.5 |
| | പദ്ധതി അവലോകനം. | 1.6 |
| | തനത് വരുമാനം. | 1.7 |
| | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| | ആഭ്യന്തരനിയന്ത്രണം. | 1.9 |
| | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| | വാടക – അപാകതകൾ | 2-1 |
| | ഓഡിറ്റ് ഇംപാക്ട്-ടെണ്ടർ ഫോം വില ഈടാക്കിയതിൽ വന്ന കുറവ് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി | 2-2 |
| | സി.എച്ച്.സി. നവീകരണം-പൊളിച്ചുമാറ്റിയ സാധനങ്ങൾക്ക് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കിയില്ല – ലേലം ചെയ്തില്ല. | 2-3 |
| | എ.ഇ.ഒ. ഓഫീസ് കറന്റ് ചാർജ് പ്രത്യേക മീറ്റർ സ്ഥാപിക്കേണ്ടതാണ്. | 2-4 |
| | ഭാഗം 3 | |
| | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3-1 |
| | സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ | 3-2 |
| | കമ്പ്യൂട്ടർ, ലാപ്ടോപ്പ് തുടങ്ങിയവ വാങ്ങിയതിലെ അപാകതകൾ | 3-3 |

| | | |
|---|---|---|
| | ആശുപത്രിയിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - അപാകതകൾ | 3-4 |
| | പാലിയേറ്റീവ് പരിചരണം | 3-5 |
| | കുറ്റിക്കാട്ട് പാടശേഖരത്തിൽ കാടച്ചാൽ നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചില്ല,തുക പാഴായി. | 3-6 |
| | കൈപ്പക്കുളങ്ങര എടക്കളത്തൂർ റോഡ് ഫില്ലിംഗ്- എസ്റ്റിമേറ്റിൽ നിന്നും സാരമായ വ്യതിയാനം - റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. | 3-7 |
| | എസ്.സി കുടിവെള്ള പദ്ധതികൾ - സോഷ്യൽ മാപ്പ് , ഫീസിബിലിറ്റി, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-8 |
| | ഉപയോഗിക്കപ്പെടാത്ത/ഉപേക്ഷിക്കപ്പെട്ട ആസ്തികൾ | 3-9 |
| | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് | 3-10 |
| | ഭാഗം- 4 | |
| | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| | ഓഡിറ്റ് റിക്കവറി | 4.6 |
| | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | തീരുമാനം | പ്രതീക്ഷിത വരവ് (മുൻബാക്കി ഉൾപ്പെടെ) | പ്രതീക്ഷിത ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 2014-15 | 1/26.2.14 | 115373866 | 114210642 |
| 2015-16 | 1/27.3.15 | 116178240 | 114998231 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31/07/15 | 16.7.15 |
| 2015-16 | 31.7.16 | 1.9.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2014-15

1. BPFA I- വാർഷിക കണക്കു പ്രകാരമുള്ള മുന്നിരിപ്പ് 2224286 രൂപയാണ്. എന്നാൽ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് 2224786 രൂപയാണ് കാണിച്ചിരിക്കുന്നത്.

2. സാംഖ്യ പ്രകാരമുള്ള മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ സൂക്ഷിച്ചിട്ടില്ല.

3. വാർഷിക കണക്ക് പ്രകാരം BPFA II (a) വരവ് 13249222 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് അതായത് യഥാർത്ഥ വരവ് 12636000 രൂപയാണ്.

4. BPFA II (b) ൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് 11244000. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് അതായത് യഥാർത്ഥ വരവ് 7850000 രൂപയാണ്.

5. കനറാ ബാങ്ക് (വില്ലേജ് ഹട്ട്) അക്കൌണ്ട് നം. 1562101013804 ന്റെ വാർഷിക കണക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള മുന്നിരിപ്പും നീക്കിയിരിപ്പും 6153 രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരം തൻവർഷം 300000 രൂപ വരവും ചെലവും കാണിച്ചിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ യഥാർത്ഥ നീക്കിയിരിപ്പ് 8347 രൂപയാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ (പഞ്ചായത്ത് ഷെയർ): ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരം അക്കൗണ്ട് മുന്നിരിപ്പ് 71,88,778 രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് ബാങ്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ് 7337028. പാസ്സ് ബുക്ക് പ്രകാരമുള്ള തുകയാണ് മുന്നിരിപ്പായി എടുത്തിരിക്കുന്നത്.

7. വാർഷിക കണക്കിലെ ' Other Liabilities ' എന്ന ഹെഡ്ഡിലെ ( 350800299) വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ : ചെക്ക് ആന്റ് ഡി ഡി പ്രകാരം വന്നിട്ടുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

9. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

10. ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവും ചെലവും 34215 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 26367 രൂപയാണ് കാണിച്ചിരിക്കുന്നത്.

2015-16

1. BPFA I അലോട്ട്മെന്റുകൾ, ചെക്ക് ഇഷ്യു രജിസ്റ്റർ എന്നിവ പ്രകാരമുള്ള വരവ് 3000000 രൂപയാണ്. എന്നാൽ വാർഷിക കണക്കുപ്രകാരമുള്ള വരവ് 3000058 രൂപയാണ്.

2. ടി.എസ്.ബി അക്കൗണ്ട് നീക്കിയിരിപ്പ് തുകയിൽ താഴെപ്പറയും പ്രകാരം വ്യത്യാസം കാണുന്നു.

ബാങ്ക് ബുക്ക് പ്രകാരം : 3285005

ചെക്ക് ഇഷ്യൂ രജിസ്റ്റർ : 3399876

വാർഷിക കണക്ക് പ്രകാരം: 3399376

3. കാനറാ ബാങ്ക് ( വില്ലേജ് ഹട്ട്) വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പും നീക്കിയിരിപ്പും 6153 രൂപയാണ്. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവ പ്രകാരം മുന്നിരിപ്പ് 8347 രൂപയും നീക്കിയിരിപ്പ് 8685 രൂപയുമാണുള്ളത്.

4. ചെക്ക് ആന്റ് ഡി ഡി രജിസ്റ്റർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലെ B -7 ഷെഡ്യൂൾ പ്രകാരം 53806 രൂപ ഉള്ളതായി കാണുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 22811468 | 29243423 |
| വരവ് | 59235586 | 58057986 |
| ആകെ | 82047054 | 87301409 |
| ചെലവ് | 52803631 | 69947315 |
| നീക്കിയിരിപ്പ് | 29243423 | 17354094 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1684963 | 12636000 | 14320963 | 13237518 | 1083445 |
| വികസനഫണ്ട് എസ്.സി.പി. | 454770 | 7850000 | 8304770 | 7486882 | 817888 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 42000 | 42000 | 42000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 329140 | 1733000 | 2062140 | 2018853 | 43287 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2224786 | 2852680 | 5077466 | 2479222 | 2598244 |
| ബി ഫണ്ട് | 0 | 34215 | 34215 | 34215 | 0 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1083445 | 11387748 | 12471193 | 12471193 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 817888 | 6679015 | 7496903 | 7496903 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 43287 | 1670843 | 1714130 | 1714130 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2598244 | 3014908 | 5613152 | 2213276 | | 3399876 |
| ബി ഫണ്ട് | 0 | 0 | 0 | 0 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 37 | 22600723 | 33 | 20718058 | 1 | 3 | 89.2 |
| 2015-16 | 41 | 22410665 | 35 | 19949428 | 2 | 4 | 85.4 |

## 1-7 തനത് വരുമാനം.

2014-15

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 247.4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ, നികുതിയേതര വരവുകൾ | ഇല്ല | | | |
| മറ്റ് വരവുകൾ | 42702 | 148368 | 105666 | (+)247.4 % |
| ആകെ | 42702 | 148368 | 105666 | (+)247.4 % |

2015-16

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 79 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ ,നികുതിയേതര വരവുകൾ | ഇല്ല | | | |
| മറ്റ് വരവുകൾ | 148368 | 265594 | 117226 | (+)79 % |
| ആകെ | 148368 | 265594 | 117226 | (+)79 % |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.5.17തിയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, എന്നിവയൊന്നും സൂക്ഷിക്കുന്നില്ല.

2) വൗച്ചറുകൾക്ക് സാംഖ്യ പ്രകാരമുള്ള വൗച്ചർ നമ്പർ നൽകുകയോ, പേയ്മെന്റ് വൗച്ചറുകൾ വൗച്ചറുകളോടൊപ്പം സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

3) ആസ്തിരജിസ്റ്റർ-ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.8.16 മുതൽ 1.9.16 വരെ | 2015-16 | 5.12.16 |
| അക്കൗണ്ടന്റ് ജനറൽ | 15.7.15 മുതൽ 17.7.15 വരെ | 2014-15 | 20-4-15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക -അപാകതകൾ

1) ഡി. സി. ബി. പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| വർഷം | 2014-15 | 2015-16 |
|---|---|---|

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 25983 | 23983 | 2000 | 46862 | 34862 | 12000 |
| വാടക രജിസ്റ്റർ പ്രകാരം | 36735 | 32505 | 4230 | 36006 | 19180 | 16826 |

വാർഷിക ധനകാര്യ പത്രിക, വാടക രജിസ്റ്റർ എന്നിവയിലെ ഡി. സി. ബി. യിൽ വന്ന വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2)കരാറും വാടകയും പുതുക്കാതെ പട്ടികജാതി വനിത വിപണന കേന്ദ്രത്തിൽ മുറി അനുവദിച്ചിരിക്കുന്നു.

മുല്ലശ്ശേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ 16.4.2004ലെ 167/98 നമ്പർ ഉത്തരവ് പ്രകാരമാണ് പട്ടികജാതി വനിത വിപണന കേന്ദ്രത്തിലെ മുൻവശത്തുള്ള ഒന്നാമത്തെ മുറി (XV 182) ശ്രീമതി.ജയശ്രീ പുഷ്കരന് 400 രൂപ മാസവാടകക്ക് നൽകിയത്. എന്നാൽ നാളിതുവരെ വാടക പുതുക്കിയിട്ടില്ല. വാടക വർദ്ധിപ്പിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വനിത വിപണന കേന്ദ്രത്തിലെ മറ്റ് മുറികൾക്ക് വാടക വർദ്ധിപ്പിക്കുന്നുണ്ട്. ശ്രീമതി. ജയശ്രീ പുഷ്കരൻ 2005, 2008, 2009 വർഷങ്ങളിൽ മാത്രമാണ് വാടക കരാർ പുതുക്കിയിട്ടുള്ളത്. 2009 ന് ശേഷം വാടക കരാർ പുതുക്കാൻ പറഞ്ഞ് നിരവധി തവണ കത്ത് നൽകിയിട്ടുണ്ടെങ്കിലും കരാറിൽ പറഞ്ഞിട്ടുള്ള പ്രകാരം മുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. 2009 ന് ശേഷം വാടക കരാർ പുതുക്കാത്ത ആൾക്ക് തന്നെ വർഷങ്ങളായി മുറി അനുവദിക്കുന്നത് ശരിയായ പ്രവണതയല്ല. കരാറിൽ പറഞ്ഞിട്ടുള്ള പ്രകാരം മുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വാടക ബൈലോ ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള 8 മുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അംഗീകൃത ബൈലോ ലഭ്യമാക്കിയതിന് ശേഷം ബൈലോയിലെ നിബന്ധനകൾക്ക് വിധേയമായി വാടക വർദ്ധിപ്പിക്കേണ്ടതും കരാർ പുതുക്കേണ്ടതുമാണ്.

4) എ.ഇ.ഒ ഓഫീസിൽ നിന്നും വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുന്ന എ.ഇ.ഒ ഓഫീസ് 2014-15 ന ശേഷം വാടക അടവാക്കിയിട്ടില്ല. വാടക വർദ്ധിപ്പിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 2-2 ഓഡിറ്റ് ഇംപാക്ട് - ടെണ്ടർ ഫോം വില ഈടാക്കിയതിൽ വന്ന കുറവ് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി

താഴെപ്പറയുന്ന പ്രവൃത്തികളിൽ ടെണ്ടർ ഫോം വില ഈടാക്കിയതിൽ കുറവ് സംഭവിച്ചിരുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോ. നം | അടങ്കൽ | ഈടാക്കേണ്ടിയിരുന്നത് (0.2 %) | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം (44/15) | 938890 | 1878 * 4എണ്ണം =7512 | 1500*4 = 6000 | 1512 |
| 2 | ജനശക്തി റോഡിൽ കാന, കൾവർട്ട് നിർമ്മാണം | 1000000 | 2000*4എണ്ണം =8000 | 1500*4= 6000 | 2000 |

| | | | | | |
|---|---|---|---|---|---|
| | (41/15) | | | | |
| 3 | അംഗൻവാടി 19 നിർമ്മാണം ( 49/15) | 800000 | 1600 | 1500 | 100 |
| | ആകെ | | | | 3612 |

മേൽ തുക 26.4.17 ലെ 6ാം നമ്പർ എൻക്വയറിയെ തുടർന്ന് 2.5.17 ൽ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

2014-15 വർഷത്തിൽ ആകെ 6 പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയെങ്കിലും 5 പ്രവൃത്തികളുടെ ടെണ്ടർ ഫോം വില മാത്രമേ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭിച്ചതായി കാണുന്നുള്ളൂ. ബാക്കി തുക കൂടി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 സി.എച്ച്.സി നവീകരണം- പൊളിച്ചുമാറ്റിയ സാധനങ്ങൾക്ക് വാല്വേഷൻ റിപ്പോർട്ട് തയ്യാറാക്കിയില്ല - ലേലം ചെയ്തില്ല.

എം.ബുക്ക് നം. : 12/15-16

കരാറുകാരൻ : അനിൽ കുമാർ

അടങ്കൽ : 1300000

പ്രസ്തുത പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ 75.08 m2 പഴയ ഷീറ്റ്, ട്രസ്സിന്റെ മറ്റ് സാധന സാമഗ്രികൾ തുടങ്ങിയവയ്ക്ക് നാളിതുവരെയായി വാല്വേഷൻ റിപ്പോർട്ട് തയ്യാറാക്കുകയോ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ലേലം ചെയ്യുകയോ ചെയ്തിട്ടില്ല. ഇപ്രകാരം കാലതാമസം വരുന്നതുമൂലം ഇരുമ്പ് സാധങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നതിന് സാധ്യതയുണ്ട്. ആയതിനാൽ എത്രയും വേഗം ലേല നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-4 എ ഇ ഒ ഓഫീസ് കറന്റ് ചാർജ് - പ്രത്യേകം മീറ്റർ സ്ഥാപിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുന്ന എ.ഇ. ഒ. ഓഫീസിന്റെ കറന്റ് ചാർജ് ബ്ലോക്ക് പഞ്ചായത്താണ് അടവാക്കുന്നത്. വാർഷിക കണക്ക് പ്രകാരം ഇതിലേക്കായി എ.ഇ.ഒ. ഓഫീസിൽ നിന്നുള്ള വരവ് 2014-15 വർഷത്തിൽ 13500 രൂപയും 2015-16 വർഷത്തിൽ 11236 രൂപയുമാണ്. എന്തടിസ്ഥാനത്തിലാണ് ഈ തുക അടവാക്കുന്നതെന്നോ ആയതിന് പ്രത്യേക കമ്മിറ്റി തീരുമാനമുള്ളതായോ കാണുന്നില്ല. എ.ഇ.ഒ. ഓഫീസിന് പ്രത്യേകം മീറ്റർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കറന്റ് ചാർജ് അടവാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടി വാടക കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിന്റെ വിശദാംശം | ചെക്ക് നം / തിയ്യതി<br>തുക | അപാകത |
|---|---|---|---|
| 1 | രജിസ്റ്ററുകളും ഫോമുകളും | 096015/20.8.15 | 5519 രൂപയുടെ സ്റ്റേഷനറി നാളിതുവരെ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അനുവദിച്ചത് | Rs. 18373 | |
| 2 | IRDP മേളയ്ക്ക് വേണ്ടി പിൻവലിച്ചത് | 096017/26.8.15<br>Rs. 4000 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | ത.സ്വ.ഭ.വ തിരഞ്ഞെടുപ്പ് ചെലവിലേക്ക് അഡ്വാൻസ് അനുവദിച്ചത് | ലഭ്യമല്ല<br>Rs. 25000 | ചെലവ് രേഖകൾ ഹാജരാക്കി അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. |
| 4 | MKSP വനിത ലേബർ ബാങ്ക് അംഗങ്ങൾക്ക് യൂണിഫോം ലഭ്യമാകുന്നതിന് അനുവദിച്ചത് | 096022/19.11.15<br>Rs. 10000 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | ഇലക്ട്രിക്കൽ വർക്ക് , പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കും ഓഫീസ് വാഹനത്തിനും ടർക്കി എന്നിവ വാങ്ങുന്നതിനും അഡ്വാൻസ് അനുവദിച്ചത് | 877547/9.12.15<br>Rs. 25000 | അഡ്വാൻസ് ക്രമീകരിച്ച ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | 26.2.16 ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന് അഡ്വാൻസ് പി.പി. കുമാറിന് അനുവദിച്ചത് | 877546/25.2.16<br>Rs . 10000 | അഡ്വാൻസ് ക്രമീകരിച്ച ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 7 | 2016-17 ബജറ്റ് അവതരണം, പദ്ധതി രൂപീകരണത്തിനുള്ള ഗ്രാമസഭ യോഗങ്ങളുടെ ചെലവ്- അഡ്വാൻസ് | 877552/29.2.16<br>Rs. 20000 | അഡ്വാൻസ് ക്രമീകരിച്ച ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 8 | ഫോട്ടോസ്റ്റാറ്റ് മെഷീൻ - AMC<br>Canon Corporate Business Solutions ന് അനുവദിച്ചത്. | 0308730/14.3.16<br>Rs.14313 | എ.എം.സി സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽരേഖപ്പെടുത്തിയിട്ടില്ല |
| 9 | ഇലക്ട്രിക്കൽ വർക്ക്, ടേബിൾ ഷീറ്റ്, ടേബിൾ ഗ്ലാസ്സ്, ടർക്കി മുതലായവ വാങ്ങിയതിന് | 0308720/8.2.16<br>Rs.37219 | ഇതേ ആവശ്യത്തിന് ചെക്ക് നം. 877547/9.12.15 പ്രകാരം 25000 രൂപ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. |
| 10 | KL 8 AC 7518 വാഹനത്തിന്റെ ഇൻഷൂറൻസ് അടവാക്കിയ തുക | 3737139/30.11.15<br>Rs.6046 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | റിക്കപ്പ് ചെയ്യുന്നതിന് | | |
| 11 | പട്ടികജാതി വിപണനകേന്ദ്രം വൈദ്യുതി കണക്ഷൻ OYEC ചാർജ്ജ് | 3737137/24..11.15<br>Rs.4200 | 1200 രൂപയുടെ രശീതി ഹാജരാക്കിയിട്ടില്ല. |
| 12. | കോർഡിനേറ്റർ ജില്ലാ സാക്ഷരതാ മിഷന് അനുവദിച്ചത് | 3737125/13.10.15<br>Rs.3000 | കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. |
| 13 | 1) KL 46 J 1471 പ്രസിഡന്റിന്റെ വാഹനത്തിന്റെ ഇൻഷുറൻസ് തുക തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കുന്നതിന്<br>2) KL 8 AC 7518 വാഹനത്തിന്റെ ടയർ മാറ്റിയതിനും വീൽ അലൈൻമെന്റ് നടത്തയതിനും വന്ന ചെലവ് | 3737124/9.10.15<br>Rs.17327<br>Rs.37280 | തിരികെ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>11400 രൂപയുടെ വൌച്ചറുകൾ മാത്രമാണ് ഹാജരാക്കിയത്. |
| 14. | തനത് ഫണ്ട് (എസ്.ബി ടി മുല്ലശ്ശേരി) ലേക്ക് തിരികെ ഈടാക്കുന്നതിന് പിൻവലിച്ചത് | 3737118/18.9.15<br>Rs.20273 | ചെലവ് രേഖകളോ തിരികെ ഈടാക്കിയതിന്റെ രേഖകളോ ലഭ്യമല്ല. |
| 15 | തനത് ഫണ്ട് (എസ്.ബി ടി മുല്ലശ്ശേരി) ലേക്ക് തിരികെ ഈടാക്കുന്നതിന് പിൻവലിച്ചത് | 3737109/31.8.15<br>Rs.114371 | ചെലവ് രേഖകളോ തിരികെ ഈടാക്കിയതിന്റെ രേഖകളോ ലഭ്യമല്ല. |
| 16 | KL 8 AC 7518 വാഹനത്തിന്റെ മൈലേജ് ടെസ്റ്റിന് അഡ്വാൻസ് അനുവദിച്ചത് | 1594541/21.7.15<br>Rs2000 | 1000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 17 | ഇലക്ട്രിസിറ്റി ചാർജ്ജ് , സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് എന്നീ ഇനങ്ങൾക്ക് സി എച്ച് സി സൂപ്രണ്ടിന് അനുവദിച്ചത് | 1594506/6.4.15<br>Rs. 30158 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |

മേൽ ചെലവു രേഖകളുടെ അഭാവത്തിൽ ചെലവ് തുക 370306 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ

2014-15, 2015-16 വർഷങ്ങളിൽ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. ഫർണിച്ചർ വാങ്ങിയത്-നിബന്ധനകൾ പാലിച്ചില്ല.

2014-15 വർഷം വനിതാ ഉത്പന്ന വിപണന കേന്ദ്രം, ബ്ളോക്ക് പഞ്ചായത്ത് മീറ്റിംഗ് ഹാൾ, വൃദ്ധസദനം

എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രോ.നം./പേര് | അടങ്കൽ | ചെലവ് തുക | വിശദവിവരം |
|---|---|---|---|---|
| 1. | 29/15-വനിതാ ഉത്പന്ന വിപണന കേന്ദ്രം | 174171 | 174130 | ട്രഷറി ബിൽനം.4/25-9-14 Rs.174130 |
| 2. | 30/15-മീറ്റിംഗ് ഹാളിലേക്ക് | 323250 | 321150 | D.D.No.986177 dt.27/9/14 Rs.254300,D.D.No.986178 dt.27/9/14 Rs.66850 |
| 3. | 23/15-വൃദ്ധ സദനത്തിലേക്ക് | 211491 | 108750 | D.D.No.985927 dt.1/10/14 Rs.60750<br>D.D.No.985923 dt.1/10/14 Rs.48000 |
| | ആകെ | | 604030 | |

മേൽ പ്രകാരം സാധനങ്ങൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയ വിശദമായ ടെണ്ടർ നോട്ടീസ് തയ്യാറാക്കിയില്ല. ആയതിനാൽ ടെണ്ടറിൽ പല ക്വാളിറ്റിയിലും പല നിരക്കുകളിലുമുള്ള സാധനങ്ങളാണ് ഉൾപ്പെട്ടത്. ആയതുകൊണ്ടുതന്നെ നിരക്കുകൾ തമ്മിലുള്ള താരതമ്യം അസാധ്യമായിരുന്നു.

2. ഇ.എം.ഡി. ഏതു രൂപത്തിലായിരിക്കണമെന്ന് ടെണ്ടറിൽ പരാമർശിച്ചിരുന്നില്ല. ആയതിനാൽ ഇ.എം.ഡി. ചെക്കായി നൽകിയ, ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ നിരസിക്കേണ്ടിവന്നു.

3.പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ (G.O.(P).No.259/2010/LSGD.dt.8/11/10) പ്രകാരം നെഗോഷിയേഷൻ അനുവദനീയമല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിൽ നെഗോഷിയേഷൻ നടത്തേണ്ടിവന്നാൽ സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ 3 അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്. നെഗോഷിയേഷൻ നടത്തിയതുമായി ബന്ധപ്പെട്ട യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയില്ല. മാത്രമല്ല, നെഗോഷിയേഷൻ നടത്തിയപ്പോൾ നിരക്കുകളിൽ വൻ വ്യത്യാസമാണ് വന്നത്. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് | നെഗോഷിയേഷൻ നിരക്ക് |
|---|---|---|---|---|
| 1. | LCD TV 32" | C.J.Palu &Sons,Thrissur | 27500 | 21000 |
| 2. | Wooden cot | " | 15900 | 8100 |

വിലയിൽ സ്ഥാപനം ഇത്രമാത്രം കുറവ് വരുത്തിയത് സംശയജനകമാണ്. മാത്രമല്ല, ഗുണനിലവാരം ഉറപ്പ് വരുത്തിയോ എന്നതും വ്യക്തമല്ല.

4.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

## 3-3 കമ്പ്യൂട്ടർ, ലാപ്ടോപ്പ് തുടങ്ങിയവ വാങ്ങിയതിലെ അപാകതകൾ

2014-15 വർഷത്തിൽ 85552/- രൂപ ചെലവഴിച്ച് Zeta IT World, Thrissur എന്ന സ്ഥാപനത്തിൽ നിന്നും പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്കായി രണ്ട് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ഇത് സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. എന്നാൽ 21/1/16 ൽ ഒരു ലാപ്ടോപ്പ് പ്രസിഡണ്ട് ഒപ്പിട്ട് എടുത്തതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 3/2/14 ൽ വാങ്ങിയ 5 കമ്പ്യൂട്ടറുകളിൽ ഒന്ന് സെക്രട്ടറിക്ക് നൽകിയതായും, 10/3/14 ൽ വാങ്ങിയ 6 കമ്പ്യൂട്ടറുകളിൽ ഒന്ന് പ്രസിഡണ്ടിനും, ഒന്ന് പട്ടികജാതി വികസന ഓഫീസർക്ക് നൽകിയതായും കാണുന്നു. ഇതിൽ പട്ടികജാതി വികസന ഓഫിസർക്ക് പിന്നീട് ഡിപ്പാർട്ടുമെന്റിൽനിന്നും കമ്പ്യൂട്ടർ ലഭിച്ചപ്പോൾ ബ്ളോക്കിൽ നിന്നും നൽകിയ കമ്പ്യൂട്ടർ തിരികെ നൽകിയതായി പറയുന്നു. എന്നാൽ ഇത് തിരികെ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

ബ്ളോക്കിൽ ആകെ എത്ര കമ്പ്യൂട്ടർ ഉണ്ട്, കേടുവന്നവ എത്ര, ആർക്കൊക്കെ നൽകി, അനാവശ്യമായി കമ്പ്യൂട്ടറുകൾ വാങ്ങുന്നുണ്ടോ എന്നീ വിവരങ്ങളൊന്നും സ്റ്റോക്ക് രജിസ്റ്ററിൽനിന്നും ലഭ്യമല്ല.

മേൽ സാഹചര്യത്തിൽ 24-9-2010 ലെ സർക്കുലർ നം.86/2010/Fin. പ്രകാരം കമ്പ്യൂട്ടറുകൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-4 ആശുപത്രിയിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - അപാകതകൾ

പ്രോജക്റ്റ് നം. : s00055/16

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുല്ലശ്ശേരി

ബിൽ നം. 9/15 തി. 17.10.15 തുക 43287

ബിൽ നം 9/15 തി. 17.10.15 തുക 56713

ആകെ 1,00,000

പദ്ധതി പ്രകാരം കസേരകളും അലമാരകളും ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയിൽ സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ക്വട്ടേഷൻ മുഖേനയാണ് ഫർണ്ണിച്ചർ വാങ്ങിയിരിക്കുന്നത്.

2. ക്വട്ടേഷൻ നോട്ടീസിൽ കസേരകളും അലമാരകളും എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത്. സ്പെസിഫിക്കേഷൻ പറഞ്ഞിട്ടില്ല.

3. നാല് സ്ഥാപനങ്ങളിൽ നിന്നാണ് ക്വട്ടേഷൻ ലഭിച്ചത്. ഇതിൽ അലമാര വാങ്ങുന്നതിന് മോഡേൺ ഫർണ്ണിച്ചറിന്റെ ക്വട്ടേഷനും, കസേര വാങ്ങുന്നതിന് അൾട്രാ ഫോം ഏജൻസിയുടെ ക്വട്ടേഷനും അംഗീകരിക്കാവുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ അംഗീകരിച്ച കമ്മിറ്റി തീരുമാനമോ, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ ലഭ്യമല്ല.

4. മോഡേൺ ഫർണ്ണിച്ചർ ക്വാട്ട് ചെയ്തത് ഒരു അലമാരയ്ക്ക് 7750 രൂപയാണ്. എന്നാൽ ക്വട്ടേഷനിൽ പങ്കെടുക്കാത്ത ന്യൂ ഇൻഡ്യ ഇൻഡസ്ട്രീസ്, എടക്കര എന്ന സ്ഥാപനത്തിൽ നിന്നും 8004 രൂപ വരുന്ന 3 അലമാരകളാണ് വാങ്ങിയിരിക്കുന്നത്. ക്വട്ടേഷനിൽ പങ്കെടുക്കാത്ത സ്ഥാപനത്തിൽ നിന്നും അധിക വില നൽകി അലമാര വാങ്ങിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

5. ബിൽ നം. 1 പ്രകാരം 43287 രൂപ മാറിയത് കസേര വാങ്ങിയതിന് അൾട്രാ ഫോം ഏജൻസീസിനും (ഇൻവോയ്സ് നം. 1932/29.9.15 തുക 19287) അലമാര വാങ്ങിയതിന് ന്യൂ ഇൻഡ്യ ഇൻഡസ്ട്രീസ്, എടക്കരയ്ക്കും ( ഇൻവോയ്സ് നം. 25/30.9.15 തുക 24010) നൽകുന്നതിനാണ്. എന്നാൽ ഡി.ഡി.നം. 616049/17.10.15 പ്രകാരം മുഴുവൻ തുകയും അൾട്രാ ഫോം ഏജൻസീസ് എന്ന സ്ഥാപനത്തിനാണ് കൈമാറിയിരിക്കുന്നത്.

6. അൾട്രാ ഫോം ഏജൻസീസ് സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള കസേരകളല്ല വിതരണം ചെയ്തിരിക്കുന്നത്. കൂടാതെ സ്ഥാപനത്തിന് തുക കൈമാറിയതിന് കൈപ്പറ്റ് രശീതിയും ഹാജരാക്കിയിട്ടില്ല.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ. (പി) 259/2010 തസ്വഭവ. തിയ്യതി 8.11.2010) പ്രകാരം 50,000രൂപയ്ക്ക് മുകളിൽ 1 ലക്ഷം വരെ ലിമിറ്റഡ് ടെണ്ടറിംഗ് നടത്തേണ്ടത്. എന്നാൽ ക്വട്ടേഷനാണ് നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം.7/28.4.17) അപാകതകൾക്ക് വിശദീകരണവും കൈപ്പറ്റ് രശീതിയും ലഭ്യമാക്കുന്നത് വരെ ചെലവു തുക 99,238/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയതിലൂടെ അധികമായി നൽകേണ്ടി വന്ന 762/- (8004 – 7750 = 254 x 3 = 762/-) തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് പരിചരണം

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുല്ലശ്ശേരി നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം എന്ന പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. വൃദ്ധർക്കും വികലാംഗർക്കും ഉള്ള പാലിയേറ്റീവ് പരിചരണ പദ്ധതികളിൽ

പ്രോ. ന: s00037/14-15

ബിൽ നം. 1/14-15 തി. 29.1.15, തുക 3,00,000

പദ്ധതിയുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളുമാണ് വാങ്ങിയിരിക്കുന്നത്.

അപാകതകൾ

1. പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ( PRF 052/9.12.14) ഡി.ഡി.നം. 868072/29.1.15 പ്രകാരം 200000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 96691 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

2. ഉപകരണങ്ങൾ വാങ്ങിയ വകയിൽ 'നീഡ് സർജിക്കൽസ്,തൃശ്ശൂർ ' എന്ന സ്ഥാപനത്തിന് ഡി.ഡി. നം. 868073/29.1.15 പ്രകാരം 7000 രൂപ കൈമാറിയിട്ടുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( ജി.ഒ. (പി) 259/2010 തസ്വഭവ. തിയ്യതി 8.11.2010) പ്രകാരം 5000 ന് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3. ആവശ്യമായ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ഇൻഡന്റ് തയ്യാറാക്കിയതായി കാണുന്നില്ല.

II. പാലിയേറ്റീവ് പരിചരണം

പ്രോ. നമ്പർ: S0009/16

ബിൽ നം 1/16 തി. 8.1.16 തുക 4,00,000

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 4 പഞ്ചായത്തുകളിലെ പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പി. എച്ച്.സി-കൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും പ്രോഫോർമ ഇൻവോയ്സുകൾ ഹാജരാക്കുന്ന മുറയ്ക്ക് കാരുണ്യയുടെ പേരിൽ ഡി.ഡി. എടുത്ത് പി. എച്ച്.സി. യ്ക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡി.ഡി. കൈപ്പറ്റിയതിന് സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി, കാരുണ്യയിലേക്ക് ഡി. ഡി. അയച്ചതിന്റെ രേഖകൾ, മരുന്നുകൾ യഥാക്രമം കിട്ടുന്ന മുറയ്ക്ക് ആയതിന്റെ രേഖകൾ, എന്നിവ ഹാജരാക്കേണ്ടതാണെന്ന് ഉത്തരവ് നം. 73/2016 തിയ്യതി 21.1.16 പ്രകാരം പി.എച്ച്.സി-കൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ എളവള്ളി, പാവറട്ടി പി.എച്ച്.സി കൾ, ഡി.ഡി കാരുണ്യയ്ക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, കൂടാതെ പാവറട്ടി, മുല്ലശ്ശേരി ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും കാരുണ്യയിൽ നിന്നുള്ള കൈപ്പറ്റ് രശീതികളും ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീതികൾ ഹാജരാക്കുന്നത് വരെ മേൽ പി.എച്ച്.സികൾക്ക് അനുവദിച്ച തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. കാരുണ്യയ്ക്ക് തുകകൾ കൈമാറിയതിന്റെയും നാളിതുവരെ മരുന്നുകൾ ലഭ്യമായതിന്റെയും വിവരങ്ങൾ.

| പി.എച്ച്. സി | ഡി.ഡി. നം/ തിയതി | തുക | നാളിതുവരെ ലഭ്യമായത് |
|---|---|---|---|
| മുല്ലശ്ശേരി | 618406/18.1.16 | 1,00,000 | 20643 |
| വെങ്കിടങ്ങ് | 618407/18.1.16 | 1,00,000 | 1,00,000 |
| പാവറട്ടി | 618408/18.1.16 | 1,00,000 | 71089 |
| എളവള്ളി | 618409/18.1.16 | 1,00,000 | - |

മരുന്നുകൾ ലഭ്യമാകുന്നതിന്റെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതും, പി.എച്ച്.സി കൾ നൽകിയ തുകയ്ക്ക് മുഴുവനായി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-6 കുറ്റിക്കാട്ട് പാടശേഖരത്തിൽ കാടച്ചാൽ നിർമ്മാണം-പ്രവൃത്തി പൂർത്തീകരിച്ചില്ല, തുക പാഴായി.

പ്രോ.നം.25/15 കോൺട്രാക്ടർ: പി.കെ.ചന്ദ്രൻ

M.B.No.17/13-14 ട്രഷറി ബിൽനം. : 2/7.8.14 തുക : 322021

എളവള്ളി കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 57 ഏക്കർ പാടശേഖരത്തിലേക്ക് 600 മീറ്റർ നീളത്തിൽ, ഒരു മീറ്റർ വീതിയിൽ 0.75 മീറ്റർ ആഴത്തിൽ കാടച്ചാൽ നിർമ്മിക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 2013-14 വർഷത്തെ മേൽ പദ്ധതിയിൻ കീഴിൽ കേവലം 100 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിൽ 0.60 മീറ്റർ ആഴത്തിലുള്ള ചാലാണ് നിർമ്മിച്ചത്. ഇതിനായി 14-15 വർഷം 3,58,001രൂപ

(ഗുണഭോക്തൃവിഹിതം അടക്കം) ചെലവ് ചെയ്തു. 2014-15, 15-16, 16-17, 17-18 വർഷങ്ങളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിച്ചതായി കാണുന്നില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടതായും ചെലവു തുക പാഴായതായും കണക്കാക്കുന്നു.

## 3-7 കൈപ്പക്കുളങ്ങര എടക്കളത്തൂർ റോഡ് ഫില്ലിംഗ്- എസ്റ്റിമേറ്റിൽ നിന്നും സാരമായ വ്യതിയാനം - റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല.

എം.ബുക്ക് നം. 13/15-16 കരാറുകാരൻ : ഹാരിഷ് കുമാർ. എ

ട്രഷറി ബിൽ നം :19/11.3.16 തുക : 579548

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം ഒന്ന് പ്രകാരം 454.50 മീറ്റർ നീളത്തിൽ 5.50 മീറ്റർ വീതിയിൽ 0.22 മീറ്റർ ഉയരത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ല് ചെയ്യാനാണ് ഉദ്ദേശിച്ചത്. എന്നാൽ യഥാർത്ഥത്തിൽ 300 മീറ്റർ നീളത്തിൽ മാത്രമാണ് ഫില്ല് ചെയ്തത് ഉയരത്തിലും വീതിയിലും ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. 50 cm ലും അധികം ഉയരത്തിൽ മണ്ണിട്ട് ഉയർത്തിയിട്ടുണ്ടെങ്കിലും Side protection, Additional consolidation, red earth filling എന്നിവയൊന്നും നൽകിയിട്ടില്ല. കൂടാതെ പാടത്തിലൂടെ റോഡ് നിർമ്മിക്കുന്നതിന് കളക്ടറുടെ അനുമതി നേടിയിരുന്നുവോ എന്നതും വ്യക്തമല്ല.

## 3-8 എസ്.സി കുടിവെള്ള പദ്ധതികൾ - സോഷ്യൽ മാപ്പ് , ഫീസിബിലിറ്റി , വിനിയോഗ വിവരം എന്നിവ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്കായി 2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ 10,70,000 രൂപ ഡെപ്പോസിറ്റ് നൽകിയിരുന്നു.

| പദ്ധതിയുടെ പേര്/ പ്രോ.നം. | തുക | ചെലവിന്റെ വിവരം | റിമാർക്സ് |
|---|---|---|---|
| മതുക്കര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (44/16) | 186000 | ഡി. ഡി. നം. 617777 / 28.12.15 | |

| | | | |
|---|---|---|---|
| എലവത്തൂർ കുടിവെള്ള പദ്ധതി പൂർത്തീകരണം | 884000 | DD No. 619971/ 1.3.16<br>Rs. 817016<br>DD No. 619964/ 1.3.16<br>Rs. 66984 | |
| ആകെ | 10,70,000 | | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ മാപ്പ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് എൻക്വയറി നം. 6/26.4.17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. മേൽ പദ്ധതികൾ 2016-17 വർഷത്തിൽ പൂർത്തീകരിച്ചുവെങ്കിലും പദ്ധതികൾ കമ്മീഷൻ ചെയ്തുവോ എന്നതും വിശദമായ വിനിയോഗ വിവരവും ഫയലിൽ ലഭ്യമല്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 ഉപയോഗിക്കപ്പെടാത്ത/ഉപേക്ഷിക്കപ്പെട്ട ആസ്തികൾ

ബ്ളോക്ക് പഞ്ചായത്തിലെ താഴെപ്പറയുന്ന ആസ്തികൾ ഉപേക്ഷിക്കപ്പെട്ട നിലയിലും, വേണ്ടവിധം ഉപയോഗിക്കപ്പെടാതെയും കിടക്കുന്നതായി കാണപ്പെട്ടു.

| ക്രമ നം | ആസ്തിയുടെ പേര് | നിർമ്മാണ വർഷം | നിർമ്മാണ ചെലവ് |
|---|---|---|---|
| 1. | വനിതാ സംരഭകർക്കുള്ള ഉത്പന്ന സംഭരണ കേന്ദ്രം | 2010-11&2011-12 | 1454325 |
| 2. | ഖരമാലിന്യ സംസ്കരണ പ്ളാന്റിന് സ്ഥലം വാങ്ങിയത്. | 2004 | 605000 |
| 3. | വാക കളിസ്ഥലത്തിന് സ്ഥലം വാങ്ങിയത് | 2007 | 117000 |
| 4. | എളവള്ളി SGSY കെട്ടിടം | 2009 | 1000000 |
| 5. | മുല്ലശ്ശേരി 9ാം വാർഡിലെ ഉഷസ്സ് എന്ന കെട്ടിടം | ലഭ്യമല്ല | ലഭ്യമല്ല |

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994 – 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മാലിന്യ സംസ്കരണം, കളിസ്ഥലങ്ങൾ എന്നിവ ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന കാര്യങ്ങളല്ല. ആയതിനാൽ ഇത്തരം കാര്യങ്ങൾക്കായി തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.

## 3-10 ഐ എ വൈ - ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

ഐ.എ.വൈ പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ പൂർത്തിയാകാത്ത വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | ധനസഹായ തുക | | ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിച്ചവരുടെ എണ്ണം | പൂർത്തീകരിക്കാനുള്ളവരുടെ എണ്ണം | പൂർത്തീകരിക്കാനുള്ള വീടുകളുടെ നിലവിലെ സ്ഥിതി | | |
|---|---|---|---|---|---|---|---|---|
| | ജനറൽ | പട്ടിക ജാതി | | | | സ്പിൽ ഓവർ | ക്യാൻസൽഡ് | റവന്യൂ റിക്കവറി |
| 2012-13 | 200000 | 200000 | 124 | 109 | 15 | 1 | 1 | 13 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2013-14 | 200000 | 200000 | 115 | 106 | 9 | 1 | 4 | 4 |
| 2014-15 | 200000 | 200000 | 126 | 116 | 10 | 6 | 4 | - |
| 2015-16 | 200000 | 300000 | 187 | 183 | 4 | 4 | - | - |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കളിൽ നിന്നും റവന്യൂ റിക്കവറി വഴി പണം തിരിച്ച് പിടിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ചിലർ തുക തിരിച്ചടച്ചിട്ടുണ്ട്. എല്ലാവർക്കും ഭവനം എന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, ജി.ഒ (ആർ.ടി) 497/2011/തസ്വഭവ 17.02.2011 ലെ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1)തദ്ദേശ ഭരണ സ്ഥാപനങ്ങളോ സർക്കാരിന്റെ വിവിധ വകുപ്പുകളോ ഏജൻസികളോ മുൻപ് നടപ്പാക്കിയ ഭവനപദ്ധതികൾ പ്രകാരം ഭാഗികമായി ധനസഹായം ലഭിച്ചതും പൂർത്തിയാക്കാൻ കഴിയാത്തതുമായ ഭവനങ്ങളുടെ പൂർത്തീകരിച്ച ഭാഗത്തിന്റെ മൂല്യനിർണ്ണയം നടത്തി പൂർത്തീകരിക്കേണ്ട ഭാഗത്തിന്റെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തയ്യാറാക്കിയ ശേഷം പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ ധനസഹായ തുകയിൽ നിന്ന് മുമ്പ് നൽകിയ തുക കുറവു ചെയ്തതിന് ശേഷമുള്ള ബാക്കി തുക പൂർത്തീകരണത്തിന് നൽകാവുന്നതാണ്.

2) നൽകിയ ധനസഹായ തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ ഗുണഭോക്താക്കളുടെ കാര്യത്തിലും പൂർത്തീകരണത്തിന് ധനസഹായം അനുവദിക്കാവുന്നതാണ്. തുക തിരികെ ഈടാക്കിയിട്ടുള്ളതുകൊണ്ട് മുൻപ് അനുവദിച്ച തുക കുറവ് ചെയ്യേണ്ടതില്ല. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുക മാത്രമെ അനുവദിക്കാൻ പാടുള്ളൂ.

3)റവന്യൂ റിക്കവറി നടപടി ആരംഭിച്ചതും എന്നാൽ റിക്കവറി നടപടി പൂർത്തിയാക്കാത്തതുമായ സംഗതികളിൽ ഗുണഭോക്താവ് മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി വീട് പൂർത്തീകരണത്തിന് സന്നദ്ധനാകുകയാണെങ്കിൽ ധനസഹായം നൽകാവുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2014-15

ഇല്ല

2015-16

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | എലവത്തൂർ കുടിവെള്ള പദ്ധതി പൂർത്തീകരണം ( 29/16) | 619971/1.3.16<br>619964/1.3.16 | 817016<br>66984 | - | 817016<br>66984 | - |

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മതുക്കര കുടിവെള്ള പദ്ധതി ( 44/16) | 617777/28.12.15 | 186000 | 0 | 186000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഓഡിറ്റ് വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59235586 | 58057986 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52803631 | 69947315 |
| വരവിനങ്ങളിലുള്ള നഷ്ടം | -- | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- | 762 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -- | 1739544 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4(4) | | 762 | ഡോ.കെ.ടി സുജ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുല്ലശ്ശേരി |
| ആകെ | | 762 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 31158 | ഏണസ്റ്റ് സി തോമസ്സ്, സെക്രട്ടറി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| | 257616 | വി. ശാന്താറാം, സെക്രട്ടറി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| | 81532 | അനീഷ്. ജെ, സെക്രട്ടറി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 3-4 | 99238 | ഡോ.കെ.ടി. സുജ മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. |
| 3-5 II (1) | 2,00,000 | ഡോ.കെ.ടി. സുജ മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. |
| 3-8 | 1070000 | അജിത.പി.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 1440306+99238+200000 = 1739,544 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. കെ.ടി.സുജ, മെഡിക്കൽഓഫീസർ, സി.എച്ച്.സി മുല്ലശ്ശേരി | മെഡിക്കൽഓഫീസർ, സി.എച്ച്.സി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | കരുമത്തിൽ ഹൗസ്, മുല്ലശ്ശേരി |

## **4-8** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി.ബി.പി-1751/10 /29.10.10/8.12.10 | |

| | | |
|---|---|---|
| 98-99 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 99-2000 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 2000-01 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 2001-02 | എൽ.എഫ്.ടി.21-2145/07 തിയ്യതി 27.05.08/ 18.10.08(വരവ്) | |
| 98-99 | എൽ.എഫ്.ടി.21-1096/09 തിയ്യതി 15.07.10 (വരവ്) | |
| 99-2000 | എൽ.എഫ്.ടി.21-1097/09 തിയ്യതി 15.07.10 (വരവ്) | |
| 2000-01 | എൽ.എഫ്.ടി.21-1098/09 തിയ്യതി 15.07.10 (വരവ്) | |
| 2001-02 | എൽ.എഫ്.ടി.ബി.പി-33/12/ 01.03.12 | |
| 2002-03 | " | |
| 2003-04 | " | |
| 2004-05 | " | |
| 2005-06 | " | |
| 2006-07 | എൽ.എഫ്.ടി.ബി.പി2131/11 തിയ്യതി 09.05.12 | |
| 2007-08 | എൽ.എഫ്.ടി.ബി.പി2132/11 തിയ്യതി 09.05.12 | |
| 2008-09 | എൽ.എഫ്.ടി.ബി.പി2133/11 തിയ്യതി 09.05.12 | |
| 2009-10 | എൽ.എഫ്.ടി.ബി.പി2134/11 തിയ്യതി 09.05.12 | |
| 2010-11 | എൽ.എഫ്.ടി.ബി.പി2278/12 തിയ്യതി 12.02.13/13.06.13 | |
| 2011-12 | എൽ.എഫ്.ടി.ബി.പി1996/13 തിയ്യതി 03.02.14 | |
| 2012-13 | എൽ.എഫ്.ടി.ബി.പി1264/14 തിയ്യതി 12.11.14/10.02.15 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി പി)1235/15 തിയ്യതി 15.10.15/8.12.15 | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.